മൂന്ന് ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടർമാരും സേവനം അനുഷ്ഠിക്കുന്നു. കേരളത്തിലെ മൂന്നുമേഖലകളിലായി ഡ്രഗ്സ് ഇൻസ്പെക്ടർ ഓഫീസ് പ്രവർത്തിക്കുന്നു. അവ എറണാകുളം, കോഴിക്കോട്, കൊല്ലം എന്നിവയാണ്. കൂടാതെ തിരുവനന്തപുരത്ത് ആസ്ഥാന ഓഫീസും ഉണ്ട്.

ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിലേയ്ക്ക് ഡ്രഗ്സ് ഇൻസ്പെക്ടർമാർ കാലാകാലങ്ങളിൽ സ്ഥാപനം പരിശോധിച്ച് നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ സാമ്പിളുകൾ പരിശോധനയ്ക്കായി തിരുവനന്തപുരത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിലേയ്ക്ക് അയയ്ക്കാറുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പരിധിയിൽ വരുന്ന ഈ ലബോറട്ടറിയിൽ ആയുർവേദ സിദ്ധ യുനാനി ഔഷധങ്ങൾ പരിശോധിക്കുന്നതിന് ഒരു പ്രത്യേക വിഭാഗം പ്രവർത്തിച്ചുവരുന്നു. അവിടെ ഒരു ഗവൺമെന്റ് അനലിസ്റ്റും രണ്ട് ഗ്രേഡ് 3 അനലിസ്റ്റുമാരും ഉൾപ്പെടെ ആറ് ജീവനക്കാർ സേവനം അനുഷ്ഠിക്കുന്നുണ്ട്. വർഷംതോറും ഏകദേശം 500 ഔഷധങ്ങളുടെ സാമ്പിൾ ഈ ലാബിൽ പരിശോധിക്കാറുണ്ട്.

(ബി) ഗുണനിലവാരമില്ലെന്നുകണ്ട മരുന്നുകൾക്കെതിരെ നിയമനടപടി സ്വീകരിക്കുകയാണ് പതിവ്. വിപണനം നിരോധിക്കുന്നതിന് നടപടി സ്വീകരിക്കാറില്ല. പൗരുഷ് ജീവൻ, ശ്വാസാനന്ദ ചൂർണ്ണം എന്നീ മരുന്നുകൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) വിൽപ്പനയ്ക്കുവേണ്ടി ഔഷധങ്ങൾക്ക് അനുമതി നൽകുന്നതിനു മുമ്പ് ഫലപ്രദമെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതായുള്ള രേഖകൾ നിലവിലുള്ള നിയമപ്രകാരം ആവശ്യമില്ല. പൊണ്ണത്തടി, രക്തത്തിലെ കൊഴുപ്പ്, പഞ്ചസാര എന്നിവ നിയന്ത്രിക്കുന്നതിന് പരമ്പരാഗത ഔഷധങ്ങൾക്കും പാറ്റന്റ് ആന്റ് പ്രൊപ്രൈറ്ററി രൂപത്തിലുള്ള ധാരാളം ഔഷധങ്ങൾക്കും ലൈസൻസ് നൽകിയിട്ടുണ്ട്. ഇവയുടെ വിശദവിവരം ക്രോഡീകരിച്ചുവെയ്ക്കാൻ ഇപ്പോൾ സംവിധാനമില്ല.

പാലക്കാട് ജില്ലയിലെ വിദ്യാലയ ആരോഗ്യ പദ്ധതി

35 (6187) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദ്യഘട്ടത്തിൽ ഏതൊക്കെ പഞ്ചായത്തുകളിലെ സ്കൂളുകളിലാണ് വിദ്യാലയ ആരോഗ്യ പരിപാടി നടപ്പിലാക്കിയത് ;

(ബി) പാലക്കാട് ജില്ലയിലെ ഏതെല്ലാം സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയത് ;

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെങ്കിലും സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ ഏതെല്ലാം സ്കൂളുകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്കൂളുകളുടെ പട്ടിക അനുബന്ധം-I-ൽ * ഉള്ളടക്കം ചെയ്തിട്ടുണ്ട്.

(ബി) സ്കൂളുകളുടെ പട്ടിക അനുബന്ധം-II-ൽ * ഉള്ളടക്കം ചെയ്തിട്ടുണ്ട്.

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ചുവടെ ചേർത്തിരിക്കുന്ന സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

Sl.No.	*Name of School*	*Panchayat/Municipality*
1	HSS CHALAVARA	CHALAVARA
2	HS ANANGANADI	ANANGANADI
3	GHS GANESHGIRI	OTTAPPALAM
4	GHSS KADAMBUR	AMBALAPPARA
5	SSOHS LAKKIDI	LAKKIDI PERUR
6	GVHSS KOONATHARA	VANIYAMKULAM
7	GHS OTTAPPALAM EAST	OTTAPPALAM
8	PTMHS THRIKKADEERI	THRIKKADEERI
9	GVHSS PATHIRIPALA	MANNUR

പ്രകൃതി ചികിത്സാ കേന്ദ്രങ്ങൾ

36 (6188) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രകൃതി ചികിത്സാ കേന്ദ്രങ്ങൾക്ക് ആരോഗ്യ വകുപ്പ് ലൈസൻസ് നൽകി വരുന്നുണ്ടോ ;

(ബി) ലൈസൻസില്ലാതെ പ്രകൃതി ചികിത്സാ കേന്ദ്രങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ സർക്കാർ നയം എന്താണെന്നുള്ളത് വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly